മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

തുല്യത -SKKIM MANIPAL UNIVERSTY അവാർഡ് ചെയ്ത Master of Science in Information Technology (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Information Technology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1207/AC D/2020/എം.ജി.യു                                   പ്രിയദർശിനി ഹിൽസ്,തീയതി: 03.03.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Smt Ainu Scaria, Thundiyil house, Kulanada P.O., Pandalam, 11.10.2018ൽ നൽകിയ അപേക്ഷ

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് -പി.ജി), അഭിപ്രായം രേഖപ്പെടുത്തി 04.02.2019, 26.04.2019 എന്നീ തീയതികളിൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസസ് അഭിപ്രായം രേഖപ്പെടുത്തി 03.05.2019 ൽ നൽകിയ കത്ത്.

6) 30.11.2019 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 104/Ac.19/195092 (31.12.2019ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (19.11) ഇനം നം. 01/19.11/190797 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1) SKKIM MANIPAL UNIVERSTY അവാർഡ് ചെയ്ത Master of Science in Information Technology (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Information Technology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2)ലും (3)ലും നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്-പി.ജി), ഡീൻ , ഫാക്കൽറ്റി ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസസ് എന്നിവരുടെ വിദഗ്ധാഭിപ്രായം തേടുകയുണ്ടായി. പ്രസ്തുത ബിരുദവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശേഷം അപേക്ഷക മേൽപ്പറഞ്ഞ ബിരുദത്തിന്റെ റെഗുലേഷൻസ് സമർപ്പിച്ചിട്ടില്ലെന്നും വെബ് സൈറ്റിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച്

Draft #1 of File AcD/01/31862/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 29-Feb-2020 02:41 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പ്രസ്തുത പ്രോഗ്രാമിന്റെ പ്രവേശനമാനദണ്ഡം ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണെന്നും അത് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പ്രവേശനമാനദണ്ഡത്തിൽ നിന്ന് വ്യത്യസ്തമായതിനാൽ തുല്യതാംഗീകാരത്തിനുള്ള അപേക്ഷ പരിഗണിക്കാനാവില്ലെന്നും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ അഭിപ്രായപ്പെട്ടു. (പരാമർശം 4).

3) ഡീൻ , ഫാക്കൽറ്റി ഓഫ് ടെക്നോളജി & അപ്പ്ളൈഡ് സയൻസസ് താഴെപ്പറയുന്ന അഭിപ്രായങ്ങളാണ് നൽകിയത്.

"The MSc IT programme offered by Sikkim Manipal university is distance learning programme. The eligibility for admission to the said programme (as per the documents submitted) is not in accordance with the The MSc IT programme of Mahatma Gandhi University. While examining the syllabus, it is observed that the subject coverage and importance given to Lab/Seminar/Major Project are not on par with that of the M.Sc IT programme of Mahatma Gandhi University, there is a major project spread over a semester and a viva-voce.Being a PG programme in Computer Science proper emphasis must be given to practicals and project work."

മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തുല്യതാംഗീകാരം നൽകാനാവില്ലെന്ന് ഡീൻ അഭിപ്രായപ്പെട്ടു. (പരാമർശം 5).

3) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും സൂചന (6) പ്രകാരം SKKIM MANIPAL UNIVERSTY അവാർഡ് ചെയ്ത Master of Science in Information Technology (Distance Education) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Master of Science in Information Technology ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനുള്ള അപേക്ഷ നിരസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു

4) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീമതി ഐനു സ്കറിയ
2) പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ. /ഡി.ആർ.(അക്കാദമിക വിഭാഗം)
6)എ.സി.സി. സെക്ഷൻ
7)കൺടന്റ് മാനേജ്മെന്റ് സെക്ഷൻ
8)ഐ.ക്യൂ.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #1 of File AcD/01/31862/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 29-Feb-2020 02:41 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File AcD/01/31862/CR/2019 Approved by ASSISTANT REGISTRAR III (ACADEMIC) on 29-Feb-2020 02:41 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം